"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ കോഴിക്കോട് ജില്ലയിലെ അസിസ്റ്റന്റ് മാനേജർ ആയിരുന്ന ശ്രീ. സുധീഷ് തൊട്ടുവയൽ-നെ ജോലിയിൽ നിന്നും പിരിച്ചു വിട്ടതിനെതിരെ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 23959/2024 നമ്പർ കേസിന്റെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2159/2024/LSGD തീയതി,തിരുവനന്തപുരം, 11-11-2024

---

പരാമർശം:-

1. ശ്രീ. സുധീഷ് തൊട്ടുവയലിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ 20/05/2024ലെ നിവേദനം. (Ext.P2)
2. ബഹു. കേരള ഹൈക്കോടതി മുൻപാകെ ശ്രീ. സുധീഷ് തൊട്ടുവയൽ ഫയൽ ചെയ്തിരുന്ന WP(C) No. 23959/2024 നമ്പർ കേസിലെ 04/07/2024ലെ വിധിന്യായം.
3. ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 24/07/2024, 05/11/2024 തീയതികളിലെ A1/CKCL/1788/2024-MD നമ്പർ കത്തുകൾ
4. സ.ഉ.(സാധാ) നം. 1452/2024/തസ്വഭവ തീയതി 06/08/2024.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/09/2024ലെ LSGD/PD/32741/2024-PH4 നമ്പർ അന്വേഷണ റിപ്പോർട്ട്.
6 ബഹു. കേരള ഹൈക്കോടതിയുടെ 4/11/2024ലെ IA No. 1/2024 in WP(C) No. 23959/2024 ഉത്തരവ്.

**ഉത്തരവ്**

ക്ലീൻ കേരള കമ്പനി ലിമിറ്റഡിലെ കോഴിക്കോട് ജില്ലയിലെ അസിസ്റ്റന്റ് മാനേജർ ആയിരുന്ന ശ്രീ. സുധീഷ് തൊട്ടുവയലിനെ ജോലിയിൽ നിന്നും പിരിച്ചു വിടുകയും ടിയാളെ തൽസ്ഥാനത്ത് തിരിച്ചെടുക്കണമെന്നും ആവശ്യപ്പെട്ട് ബഹു കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 23959 /2024ൽ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിൽ പരാമർശം (2) വിധിന്യായം കൈപ്പറ്റി മൂന്ന് മാസത്തിനകം Ext. P2 നിവേദനം [പരാമർശം (1)] പരിശോധിച്ച് ഉചിതമായ ഉത്തരവുകൾ പുറപ്പെടിക്കുവാൻ ബഹു. കേരള ഹൈക്കോടതി ഉത്തരവായിരുന്നു. ടി കേസിന്റെ വിധിന്യായം 18/07/2024 ൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭിക്കുകയും വിധിന്യായത്തിന്റെ

സമയപരിധി 15/10/2024നു അവസാനിക്കുമെന്നതിനാൽ വിധിന്യായം പാലിക്കുന്നതിന് അധിക സമയം ആവശ്യപ്പെട്ടുകൊണ്ട് Extension Petition ഫയൽ ചെയ്യുകയും ആയതിന് പരാമർശം (6) പ്രകാരം 14/11/2024 വരെ സമയം ദീർഘിപ്പിച്ച് ബഹു. കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

2) ശ്രീ. സുധീഷ് തൊട്ടുവയലിന്റെ നിവേദനത്തിന്മേൽ ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ക്ലീൻ കേരള കോഴിക്കോട് ജില്ലയിലെ 62 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായും കമ്പനി അസ്സോസിയേറ്റ് ചെയ്തു പ്രവർത്തിച്ചുവരികയായിരുന്ന ശ്രീ.സുധീഷ് തൊട്ടുവയിൽ കോഴിക്കോട് ജില്ലാ മാനേജരുടെ ചുമതല എടുത്തതുമുതൽ ഏജൻസികളുമായി ചേർന്ന് തരംതിരിച്ച പാഴ്വസ്തുകൾ വിറ്റതിലൂടെ കമ്പനിക്ക് ലഭിക്കേണ്ട ഏകദേശം 35.08 ലക്ഷം രൂപ ക്യൃത്യമായി പിരിച്ചെടുക്കാനുള്ള ശ്രമം നടത്തുകയോ വിവധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കമ്പനിക്ക് ലഭിക്കേണ്ട തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ച്ച വരുത്തുകയും ആയതുവഴി കമ്പനിക്ക് കാര്യമായ സാമ്പത്തിക നഷ്ടം സംഭവിക്കുകയും ചെയ്തതായും കമ്പനിയുമായി കരാറിൽ ഏർപ്പെടാത്ത ഏജൻസികൾക്ക് കമ്പനിയുടെ അറിവോ സമ്മതമോയില്ലാതെ തരംതിരിച്ച പാഴ് വസ്തുക്കൾ വിറ്റതിലൂടെ കമ്പനിയുടെ യശസ്സിന് കോട്ടം തട്ടുകയും മേൽ ഏജൻസികൾക്ക് ഇത്തരത്തിൽ പാഴ് വസ്തുക്കൾ വിറ്റതിലൂടെ കമ്പനിക്ക് വൻ സാമ്പത്തിക നഷ്ടം സംഭവിക്കുകയും ചെയ്തതായും യാതൊരുവിധ കരാറിലും ഏർപ്പെടാത്ത ഏജൻസിയുമായി ചേർന്ന് വിപണനം നടത്തിയതിലൂടെ കോഴിക്കോട് ജില്ലയിൽ 28/02/2024 വരെ 13,31,214/- രൂപ കമ്പനിക്ക് ലഭ്യമാകാനുള്ളതും ടി തുക ഇതേവരെ ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. ടിയാളുടെ പ്രവർത്തന പോരായ്മ കാരണം കമ്പനിയുമായി ഉള്ള കരാർ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവസാനിപ്പിക്കുകയും അങ്ങനെ കമ്പനിയുമായി ചേർന്ന് പ്രവർത്തിക്കുന്നത് വെറും 23 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമായി മാറുകയും ചെയ്തു. നിയമാനുസൃതം പ്രവർത്തിക്കുന്ന ഏജൻസികളെ കോഴിക്കോട് ജില്ലയിൽ ആവശ്യത്തിന് അനുവദിച്ചിരുന്നു. കൂടുതൽ വേണമെങ്കിൽ ഏജൻസികളെ കണ്ടെത്തി ഹെഡ്ഓഫീസിന്റെ അനുവാദത്തോടുകൂടി പ്രവർത്തിപ്പിക്കാനും അനുവാദം നൽകിയിരുന്നു. എന്നാൽ ടിയാൾ ഒരു ഏജൻസിയെപോലും പുതുതായി കണ്ടെത്തുകയോ ഉള്ളത് ഫലപ്രദമായി വിനിയോഗിക്കുകയോ ചെയ്തിരുന്നില്ല.

3) ശ്രീ. സുധീഷ് തൊട്ടുവയലിനെ കൂടാതെ 4 ജീവനക്കാരെ അവിടെ ടിയാളെ സഹായിക്കാൻ നിയോഗിച്ചിരുന്നു. ടി ജീവനക്കാരെ പോലും ഉപയോഗപ്പെടുത്തി വേണ്ടത്ര നന്നായി ജോലി ചെയ്യാൻ ടിയാൾ അവസരം ഉണ്ടാക്കിയിട്ടില്ല. ഒരു ജില്ലാ മാനേജർ നിർവ്വഹിക്കേണ്ട കടമയും, ഉത്തരവാദിത്വവും ശ്രീ.സുധീഷ് തൊട്ടുവയിൽ താൻ ജോലി ചെയ്തിരുന്ന കാലയളവിൽ പ്രകടിപ്പിച്ചിട്ടില്ലായെന്നും മാത്രമല്ല ശ്രീ.സുധീഷ് തൊട്ടുവയിൽ കമ്പനിയിൽ കോഴിക്കോട് ജില്ലാ മാനേജർ ആയി പ്രവർത്തിച്ച് വന്നിരുന്നത് വാർഷിക കരാർ അടിസ്ഥാനത്തിലാണ്. ഓരോ വർഷവും കരാർ പുതുക്കി നൽകുകയാണ് ചെയ്യുന്നത്. ടിയാളുടെ കരാർ കാലാവധി 30/10/2023 തീയതിയിൽ അവസാനിക്കുകയും ടിയാൾ ഉൾപ്പെടെയുള്ള പ്രവർത്തനം മോശമായ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കേണ്ടതില്ലായെന്ന് 13/02//2024ൽ കൂടിയ കമ്പനിയുടെ 43-ാമത് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ജില്ലാ മാനേജരുടെ ചാർജ് കൈമാറുന്നതിനായി പുതിയ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നിയമന നടപടികൾ ആരംഭിച്ചപ്പോൾ ലോകസഭാ തെരെഞ്ഞെടുപ്പിന്റെ പ്രഖ്യാപനം ഉണ്ടാവുകയും തുടർന്ന് പുതിയ നിയമനം നടത്തുന്നതിന് വിഘാതമായി മാതൃകാ പെരുമാറ്റചട്ടം നിലവിൽ വരുകയും ചെയ്ത സാഹചര്യത്തിലാണ് ശ്രീ. സുധീഷ് തൊട്ടുവയൽ കമ്പനിയിലുള്ള സേവനം അവസാനിപ്പിച്ച് 18/5/2024 ലെ AO/2235/CKCL/2024-നമ്പർ പ്രകാരം ഉത്തരവായത് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. അജിത് കുമാർ എം.പി. യെ പരാമർശം (4) പ്രകാരം WP(C) No.

23959 /2024 നമ്പർ കേസിന്റെ വിധി ന്യായം പാലിക്കുന്നതിന്റെ ഭാഗമായി അന്വേഷണം നടത്തുന്നതിന് നിയമിക്കുകയും പരാമർശം (5) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി അന്വേഷണ റിപ്പോർട്ടിൽ ടിയാനെ പിരിച്ചുവിടുന്നതിന്റെ മുന്നോടിയായി പ്രസ്തുത വിവരം അറിയിക്കുകയോ നേരിൽ കേൾക്കുവാനുള്ള അവസരം നൽകുകയോ ചെയ്തിട്ടില്ലായെന്നു മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സുധീഷ് തൊട്ടുവയലിനെ നേരിൽ കേൾക്കുകയുണ്ടായി. എന്നാൽ ടിയാന്റെ ഭാഗത്തു നിന്ന് തെറ്റുണ്ടായിട്ടില്ലെന്നു സമർത്ഥിക്കുവാനുള്ള തെളിവുകളൊന്നും ടിയാന്റെ പക്കൽ ഇല്ലായിരുന്നു. ടിയാന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ മാനേജിംഗ് ഡയറക്ടർ വിശദമായിത്തന്നെ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരെ കമ്പനിയുടെ തീരുമാനപ്രകാരം ജോലിയുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ കോൺട്രാക്ട് പുതുക്കി നൽകുകയോ, ഇല്ലായെങ്കിൽ പിരിച്ചുവിടുകയോ ചെയ്യാവുന്നതാണ്. ശ്രീ.സുധീഷ് തൊട്ടുവയിൽ കമ്പനിയിൽ കോഴിക്കോട് ജില്ലാ മാനേജർ ആയി പ്രർത്തിച്ച് വന്നിരുന്നത് വാർഷിക കരാർ അടിസ്ഥാനത്തിലാണ്. നിലവിലെ കരാർ കാലാവധി 30/10/2023 ന് അവസാനിച്ചിട്ടുള്ളതാണ്. ടിയാൾ ഉൾപ്പെടെയുള്ള പ്രവർത്തനം മോശമായ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കേണ്ടതില്ലായെന്ന് 13/02//2024ൽ കൂടിയ കമ്പനിയുടെ 43-ാമത് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും ലോകസഭാ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ 18/05/2024 അപരാഹ്നം പ്രാബല്യത്തിൽ കരാർ കാലാവധി അവസാനിപ്പിച്ചുകൊണ്ട് AO/2235/CKCL/2024-നമ്പർ പ്രകാരം ടിയാനെ ജോലിയിൽ നിന്നും പിരിച്ചുവിട്ടുവിട്ടുകൊണ്ടുള്ള ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. അതിനാൽ ശ്രീ.സുധീഷ് തൊട്ടുവയലിനെ ക്ലീൻ കേരള കമ്പനിയിലെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച കരാറിൽ ലംഘനം ഉണ്ടായതായി കണ്ടെത്താൻ സാധിച്ചിട്ടില്ല. കൂടാതെ ടിയാളുടെ പ്രവർത്തനത്തിലെ വീഴ്ച കാരണം കരാർ പുതുക്കാത്തതാണെന്നും വ്യക്തമായിട്ടുണ്ട്.

5) അപ്രകാരം പരാമർശം (1) ലെ Ext. P2 വേദനം നിരസിച്ചുകൊണ്ട് പരാമർശം (2) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ. സുധീഷ് തൊട്ടുവയൽ, തൊട്ടുവയൽ ഹൗസ്, പാറക്കടവ്, കോഴിക്കോട് - 673509
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ.&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/117/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 12-11-2024 11:00:06